**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5445** **21-07-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് മേഖലയിലെ താറാവ് കർഷകരുടെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ താറാവ് കർഷകർ നിലവിൽ അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പക്ഷിപ്പനിമൂലവും മറ്റ് വൈറസ് ബാധകാരണവും എത്ര രൂപയുടെ നാശനഷ്ടമാണ് പ്രസ്തുത മേഖലകളിലെ താറാവ് കർഷകർക്ക് സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് അവസ്ഥാപഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പക്ഷിപ്പനി മൂലം ഈ വർഷം ചത്തതും കൊന്നതുമായ താറാവുകൾക്ക് നഷ്ടപരിഹാരമായി 3,01,21,195/- രൂപ താറാവ് കർഷകർക്ക് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് അവസ്ഥാപഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (സി) | കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ താറാവ് കർഷകരെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിനും അവരുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനും ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനും പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ